## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.1379 — 03/10/16-ൽ മറുപടിക്ക്

### വെള്ളറടയിൽ ഫയർ സ്റ്റേഷൻ

| ചോദ്യം<br>ശ്രീ.സി.കെ.ഹരീന്ദ്രൻ: | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
|---|---|
| എ) മലയോര പ്രദേശമായ വെള്ളറടയിൽ ഒരു ഫയർ സ്റ്റേഷൻ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) വെള്ളറടയിൽ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | ബി) സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനാവശ്യമായ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| സി) പാറശ്ശാലയിലെ ഫയർ സ്റ്റേഷനിൽ അടിസ്ഥാന സൗകര്യങ്ങൾ കുറവാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടുത്തെ അടിസ്ഥാന വികസനത്തിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പാറശ്ശാല വില്ലേജിൽ 21.5 സെന്റ് സ്ഥലം ഫയർ &റെസ്ക്യൂ സർവ്വീസസ് വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. ടി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ ഫയർ സ്റ്റേഷൻ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ വിപുലമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ